# കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ

PL No. 57/2010/ER Spl.Cell-II തിരുവനന്തപുരം
കാറ്റഗറി നമ്പർ: 419/2007 തീയതി : 16.08.2010

## <u>വിജ്ഞാപനം</u>

12.11.2007-ലെ ഗസറ്റ് വിജ്ഞാപനപ്രകാരം **കേരളത്തിലെ സഹകരണ മേഖലയിലെ അപ്പക്സ് സൊസൈറ്റികളിൽ 2610–3860 രൂപ ശമ്പള നിരക്കിൽ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് (ജനറൽ കാറ്റഗറി) (കാറ്റഗറി നമ്പർ 419/2007)** തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനായി 04.07.2009–ൽ നടത്തിയ ഒബ്ജക്ടീവ് മാതൃക യിലുള്ള (OMR)പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്കുപട്ടികയിൽ താത്കാലികമായി ഉൾപ്പെടാൻ പ രിഗണിക്കപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പരുകൾ ചുവടെ ചേർക്കുന്നു. പരീക്ഷാ രജിസ്റ്റർ നമ്പരിന്റെ ക്രമത്തിൽ മാത്രമാണ് ഈ പട്ടിക പ്രസിദ്ധീകരിക്കുന്നത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പരീക്ഷയിലെ റാങ്കുക്രമത്തെ സൂചിപ്പിക്കുന്നില്ല. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളുടെ ജനനത്തീയതി, സമുദായം, യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. പരീക്ഷയിൽ **85 (എൺപത്തിയഞ്ച്)** ഉം അതിൽ കൂടുതലും മാർക്ക് നേടിയ ഉദ്യോഗാർത്ഥികളെയാണ് ഈ സാദ്ധ്യതാ പട്ടികയുടെ മുഖ്യപട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത അടിസ്ഥാന മാർക്കിൽ ആവശ്യമായ ഇളവ് വരുത്തി പിന്നാക്ക വിഭാഗക്കാർക്കായുള്ള ഉപപട്ടികകളു ം തയ്യാറാക്കിയിരിക്കുന്നു.

**റാങ്ക്പട്ടിക പ്രസിദ്ധീകരിക്കുന്നതിന് മുന്നോടിയായി സാധ്യതാപട്ടികയിലുള്ള ഉദ്യോഗാർത്ഥികളുടെ ജനനതീയതി, ജാതി, വിദ്യാഭ്യാസ യോഗ്യത മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ അസ്സൽ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. ആയതിനുള്ള തീയതി, സമയം, സ്ഥലം എന്നിവ വിജ്ഞാപനത്തിന്റെ കൂടെ പ്രസിദ്ധം ചെയ്തിട്ടുണ്ട്. ഉദ്യോഗാർത്ഥികൾ അന്നേദിവസം അസ്സൽ പ്രമാണങ്ങളും സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പുകളും സഹിതം സ്വന്തം ചെലവിൽ നേരിട്ട് ഹാജരാകേണ്ടതാണ്.**

വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് മാത്രമായി പ്രത്യേകമായ ഒരു പട്ടിക തയ്യാറാക്കിയിട്ടുണ്ട്. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് അസ്സൽ സർട്ടിഫിക്കറ്റ് പരിശോധന, യോഗ്യതാ നിർണ്ണയത്തിനുള്ള കൂടിക്കാഴ്ച എന്നിവയുടെ സമയവും തീയതിയും സ്ഥലവും പിന്നീട് അറിയിക്കുന്നതാണ്. ആയതിലേയ്ക്ക് വ്യക്തിഗത കത്തുകൾ അയയ്ക്കുന്നതാണ്.

അപേക്ഷയിൽ അവകാശപ്പെട്ടിട്ടുള്ള അംഗവൈകല്യത്തിന്റെ അ ടിസ്ഥാനത്തിലാണ് ടി പട്ടികയിൽ വികലാംഗരെ ഉൾപ്പെടുത്തിയിട്ടുള്ളത്. ഡിസെബിലിറ്റി സർട്ടിഫിക്കറ്റിന്റെ അസ്സൽ പരിശോധനയ്ക്ക് വിധേയമാക്കുന്നതും, ആയതിന്റെ അടിസ്ഥാനത്തിൽ നൽകുന്ന ഗ്രേസ് മാർക്ക്, ഒ.എം.ആർ. പരീക്ഷയുടെ മാർക്ക് എന്നിവയുടെ അടിസ്ഥാനത്തിൽ റാങ്ക് സ്ഥാനം പിന്നീട് നിർണ്ണയിക്കുന്നതുമായിരിക്കും.

കുറിപ്പ് 1 അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ ഈ ലിസ്റ്റിൽ രജിസ്റ്റർ നമ്പരുകൾ ഉൾപ്പെടുത്തിയിരിക്കുന്നത് തികച്ചും സോപാധികമായിട്ടാണ്. ഈ ലിസ്റ്റിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടുണ്ട് എന്നതുകൊണ്ടു മാത്രം റാങ്ക്ലിസ്റ്റിൽ ചേർക്കപ്പെടാൻ ഉദ്യോഗാർത്ഥികൾക്ക് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

2 ഉദ്യോഗാർത്ഥികൾ അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. പിന്നീട് ഉന്നയിക്കുന്ന അവകാശങ്ങളൊന്നും യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

3 അസ്സൽ സർട്ടിഫിക്കറ്റുകളുടെ പരിശോധനക്ക് നേരിട്ട് ഹാജരാകാത്ത ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പരുകൾ ഈ ലിസ്റ്റിൽ നിന്നും മറ്റൊരറിയിപ്പ് കൂടാതെ നീക്കം ചെയ്യുന്നതാണ്.

4. സംവരണാനുകൂല്യമുള്ളവരിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽ പ്പെട്ടവർ അവരുടെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അസ്സലും (പി.എസ്.സി..യിൽ ഹാജരാക്കുന്നതിലേയ്ക്ക് എന്ന് രേഖപ്പെടുത്തിയ) സ്വയം സാക്ഷ്യപ്പെടുത്തിയ രണ്ട് പകർപ്പുകളും ഹാജരാക്കേണ്ടതാണ്.

5. പിന്നാക്ക സമുദായങ്ങളിലെ പരമ്പരാഗത തൊഴിൽ ചെയ്യുന്ന വിഭാഗത്തിൽപ്പെട്ടവരും മത്സ്യബന്ധനം ഉപജീവനമാർഗ്ഗമായ സമുദായങ്ങളിലെ ഉപജാതികളിൽപ്പെട്ടവരുമായ ഉദ്യോഗാർത്ഥികൾ അവർ പരമ്പരാഗത തൊഴിൽ ചെയ്യുന്നവരാണെന്ന് വ്യക്തമായി സൂചിപ്പിക്കുന്ന ജാതി സർട്ടിഫിക്കറ്റ് (അസ്സലും ശരിപ്പകർപ്പും) ഹാജരാക്കേണ്ടതാണ്. സംവരണാനുകൂല്യത്തിന് അർഹതയുള്ള മറ്റുള്ളവർ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. **(GOP No.81/09/SC.ST.DD dated 26.09.09& GO(P)No.13232/F3/09 dated 05.10.09** പ്രകാരമുള്ളത്)

6. വിമുക്തഭടൻമാർ, കായികതാരങ്ങൾ, എന്നീ വിഭാഗങ്ങളിൽപ്പെട്ടവർ, അവർക്കായുള്ള പ്രത്യേക ആനുകൂല്യങ്ങൾ അപേക്ഷയിൽ അവകാശ പ്പെട്ടിട്ടുണ്ടെങ്കിൽ ആയവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകളും പകർപ്പുകളും ഹാജരാക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ നേരിട്ടല്ലാതെ ഹാജരാക്കുന്ന രേഖകൾ സ്വീകരിക്കുന്നതല്ല.

7 അസ്സൽ രേഖകളും പകർപ്പുകളും ഹാജരാക്കുന്നതിന് കൂടുതൽ സമയം
അനുവദിക്കുകയോ വീണ്ടും ഒരവസരം നൽകുകയോ ചെയ്യുന്നതല്ല. ആകയാൽ അവസരം നഷ്ടപ്പെടാതിരിയ്ക്കാൻ ഉദ്യോഗാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

ഉത്തരക്കടലാസ് പുനഃപരിശോധന ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾ നിശ്ചിത ഫോമിൽ നിശ്ചിത ഫീസായ 50 രൂപ 0051-PSC-800-Other receipts – 99 Other receipts എന്ന അക്കൗണ്ട് ഹെഡിൽ സംസ്ഥാനത്തെ ഏതെങ്കിലും ട്രഷറിയിൽ അടച്ച ചെലാൻ സഹിതം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച തീയതി മുതൽ ഒരു മാസത്തിനകം അപേക്ഷ നൽകേണ്ടതാണ്.

ഉത്തരക്കടലാസിൻെറ പകർപ്പ് (ഫോട്ടോകോപ്പി) ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾ നിശ്ചിത ഫോമിൽ നിശ്ചിത ഫീസായ 200 രൂപ 0051-PSC-800-Other receipts – 99 Other receipts എന്ന അക്കൗണ്ട് ഹെഡിൽ സംസ്ഥാനത്തെ ഏതെങ്കിലും ട്രഷറിയിൽ അടച്ച ചെലാൻ സഹിതം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച തീയതി മുതൽ ഒരു മാസത്തിനകം അപേക്ഷ നൽകേണ്ടതാണ്.

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിക്കു വേണ്ടി

Approved for Issue,

Section Officer.

## ഉദ്യോർഗാർത്ഥികൾ ഹാജരാക്കേണ്ട പ്രമാണങ്ങൾ

| | | | |
|---|---|---|---|
| 1 | ജനനത്തിയതി | : | എസ്.എസ്.എൽ.സി.യുടെ ബന്ധപ്പെട്ടപേജ് അല്ലെങ്കിൽ തത്തുല്യമായ സർട്ടിഫിക്കറ്റ് (അസ്സലും, ശരിപ്പകർപ്പും) |
| 2 | വിദ്യാഭ്യാസയോഗ്യത: | : | ഗസറ്റ് വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള വിദ്യാഭ്യാസയോഗ്യത (അസ്സലും പകർപ്പും) ഗസറ്റ് വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള വിദ്യാഭ്യാസയോഗ്യതയില്ലാത്തവർ അവർ നേടിയിട്ടുള്ള യോഗ്യത വിജ്ഞാപനത്തിൽ നിഷ്കർഷിട്ടുള്ള യോഗ്യതകൾക്ക് തുല്യമാണെന്നു തെളിയിക്കുന്ന പ്രമാണങ്ങൾ ഹാജരാക്കേണ്ടതാണ്. |
| 3 | ജാതി, സമുദായം (സംവരണാനുകൂല്യത്തിന്) | : | ജാതി സർട്ടിഫിക്കറ്റ് (അസ്സലും രണ്ടു പകർപ്പും) നോൺ ക്രിമീലെയർ സർട്ടിഫിക്കറ്റ് (അസ്സലും, പകർപ്പും) |
| 4 | വിമുക്തഭടന്മാർ | : | ഡിസ്ചാർജ് സർട്ടിഫിക്കറ്റും പെൻഷൻ പെയ്മെൻറ് ഓർഡറും (അസ്സലും പകർപ്പും) |
| 5 | കായികതാരങ്ങൾ | : | സ്പോർട്ട്സ് കൗൺസിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് (അസ്സലും, പകർപ്പും) |
| 6 | സർവീസിലുള്ള ഉദ്യോഗാർത്ഥികൾ | | ബന്ധപ്പെട്ട വകുപ്പ് മേധാവിയിൽ നിന്നും ലഭിച്ച രസീത്. |
| 7 | പേര്, ജനനത്തീയതി, ഒപ്പ്, ജാതി എന്നിവയിലുള്ള വ്യത്യാസം | | പേര്, ജനനത്തീയതി, ഒപ്പ്, ജാതി എന്നിവയിൽ വ്യത്യാസം വരുത്തിയിട്ടുള്ള ഉദ്യോഗാർത്ഥികൾ ആയവ തെളിയിക്കുന്നതിനാവശ്യമായ ഗസറ്റ് വിജ്ഞാപനം (അസ്സലും, പകർപ്പും) |

മുകളിൽ പറയും പ്രകാരമുള്ള സർട്ടിഫിക്കറ്റുകളും രേഖകളും വെരിഫിക്കേഷൻ സമയത്തിനു ശേഷം ഹാജരാക്കുവാൻ അവസരം നൽകുന്നതല്ല.

## അസ്സൽ പ്രമാണങ്ങളുടെ പരിശോധന സമയ വിവര പട്ടിക

**സ്ഥലം : കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആസ്ഥാന ആഫീസ്, പട്ടം**

| തീയതി | സമയം | വിഭാഗം | രജിസ്റ്റർ നമ്പർ | |
|---|---|---|---|---|
| | | | മുതൽ | വരെ |
| **14/09/2010** | രാവിലെ 9 മണി | മുഖ്യപട്ടിക | **120252** | **126610** |

| | | | | |
|---|---|---|---|---|
| | ഉച്ചയ്ക്ക് 1 മണി | മുഖ്യപട്ടിക | **126649** | **134956** |
| **15/09/2010** | രാവിലെ 9 മണി | മുഖ്യപട്ടിക<br>ഈഴവ ഉപപട്ടിക | **134985**<br>**120437** | **138223**<br>**129754** |
| | ഉച്ചയ്ക്ക് 1 മണി | ഈഴവ ഉപപട്ടിക<br>പട്ടികജാതി ഉപപട്ടിക | **129759**<br>**120094** | **138222**<br>**127868** |
| **16/09/2010** | രാവിലെ 9 മണി | പട്ടികജാതി ഉപപട്ടിക<br>പട്ടികവർഗ്ഗം ഉപപട്ടിക<br>മുസ്ലിം ഉപപട്ടിക | **127990**<br>**121231**<br>**120277** | **138367**<br>**137783**<br>**121450** |
| | ഉച്ചയ്ക്ക് 1 മണി | മുസ്ലിം ഉപപട്ടിക | **121452** | **135958** |
| **17/09/2010** | രാവിലെ 9 മണി | മുസ്ലിം ഉപപട്ടിക<br>എൽ.സി. ഉപപട്ടിക<br>ഒ.ബി.സി. ഉപപട്ടിക | **136118**<br>**120019**<br>**120051** | **137732**<br>**131522**<br>**126570** |
| | ഉച്ചയ്ക്ക് 1 മണി | ഒ.ബി.സി. ഉപപട്ടിക<br>വിശ്വകർമ്മ ഉപപട്ടിക<br>SIUC/AI ഉപപട്ടിക<br>ഒ.എക്സ്. ഉപപട്ടിക | **126572**<br>**120921**<br>**120259**<br>**122291** | **138252**<br>**137525**<br>**124464**<br>**130018** |
| **18/09/2010** | രാവിലെ 9 മണി | ഒ.എക്സ്. ഉപപട്ടിക<br>ധീവര ഉപപട്ടിക | **130132**<br>**120091** | **131702**<br>**136239** |

**പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് അസ്സൽ സർട്ടിഫിക്കറ്റ് പരിശോധന, യോഗ്യതാ നിർണ്ണയത്തിനുള്ള കൂടിക്കാഴ്ച എന്നിവയുടെ സമയവും തീയതിയും സ്ഥലവും പിന്നീട് അറിയിക്കുന്നതാണ്. ആയതിലേയ്ക്ക് വ്യക്തിഗത കത്തുകൾ അയയ്ക്കുന്നതാണ്.**

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ
സെക്രട്ടറിക്കു വേണ്ടി

Approved for Issue,

Section Officer.